# കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ,തൃശ്ശൂർ ജില്ല

**പ്രവചന കാലയളവ് 24 .8.2022 മുതൽ 28 .8.2022 വരെ**

**വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്**

| എ എ എസ് ബുള്ളറ്റിൻ നമ്പർ 34/2022,(67) ചൊവ്വാഴ്ച | തീയ്യതി 23/8/2022 |
|---|---|

1. **കഴിഞ്ഞ ആഴ്ചയിലെ അന്തരീക്ഷസ്ഥിതി:**

| മഴ (മി.മി) | ഉയർന്ന താപനില (°C) | കുറഞ്ഞ താപനില (°C) | കൂടിയ അന്തരീക്ഷ ആർദ്രത (%) | കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | കാറ്റിന്റെ വേഗത (കിലോമീറ്റർ/ മണിക്കൂർ) | സൂര്യപ്രകാശ ത്തിന്റെ അളവ് (മണിക്കൂർ) | ബാഷ്പീകര ണം (മി.മി) |
|---|---|---|---|---|---|---|---|
| (95.6) | (25.5-32.6) | (22.8-25.3) | (87-98) | (59-74) | (0.8-3.3) | (0.0-10.8) | (1.6-5.2) |

2. **അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം :**

| കാലാവസ്ഥാ ഘടകങ്ങൾ | 24.08.2022 | 25.08.2022 | 26.08.2022 | 27.08.2022 | 28.08.2022 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ) | 20 | 15 | 7 | 9 | 8 |
| ഉയർന്ന താപനില (°C) | 32 | 32 | 32 | 32 | 32 |
| കുറഞ്ഞ താപനില (°C) | 25 | 25 | 24 | 24 | 24 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 95 | 95 | 95 | 95 | 95 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 70 | 70 | 70 | 70 | 70 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 4 | 5 | 6 | 4 | 4 |
| കാറ്റിന്റെ ദിശ (ഡിഗ്രി ) | 320 | 340 | 340 | 340 | 340 |
| മേഘ വ്യാപ്തി (ഒക്ടാ ) | 8 | 8 | 8 | 8 | 8 |

കാലാവസ്ഥാ അറിയിപ്പ് : ജില്ലയിൽ നേരിയ തോതിൽ മഴക്കും ഒറ്റപ്പെട്ട സ്ഥലങ്ങളിൽ സാമാന്യം ഭേദപ്പെട്ട മഴക്കും സാധ്യത. കേരളത്തിൽ ശരാശരി മഴ ലഭിക്കാൻ സാധ്യത.

**അടുത്ത് അഞ്ച് ദിവസത്തേക്കുള്ള മഴയുടെ പ്രവചനം**

| 2022 ആഗസ്റ്റ് 24 | 2022 ആഗസ്റ്റ് 25 | 2022 ആഗസ്റ്റ് 26 | 2022 ആഗസ്റ്റ് 27 | 2022 ആഗസ്റ്റ് 28 |
|---|---|---|---|---|
| മിതമായ മഴ | നേരിയ മഴ | നേരിയ മഴ | നേരിയ മഴ | നേരിയ മഴ |

3. **വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും**

പൊതു നിർദേശങ്ങൾ :നെല്ലാടങ്ങളിലും കൃഷിയിടങ്ങളിലും നീർവാർച്ചസൗകര്യങ്ങൾ ഉറപ്പാക്കുക ആവശ്യമെങ്കിൽ മാത്രം മഴയില്ലാത്ത സമയത്ത് കീടനാശിനികൾ പശ ചേർത്ത് തളിക്കാവുന്നതാണ്

| വിളകൾ | രോഗകീടങ്ങൾ | കാർഷിക / മൃഗസംരക്ഷണ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് -വിരിപ്പ് കതിര് വരുന്ന പരുവം | പരിചരണം | നെല്ലിൽ കാണുന്ന പോളരോഗം, പോള അഴുകൽ, ഇലപ്പുള്ളി എന്നീ രോഗങ്ങൾക്ക് മുൻകരുതലായി 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിച്ചു കൊടുക്കുക. |
| മഞ്ഞൾ | ഇലകരിച്ചിൽ | മഞ്ഞളിൽ ഇലകരിച്ചിൽ രോഗം നിയന്ത്രിക്കുന്നതിനായി രണ്ട് മില്ലി ഹെക്സാകൊണാസോൾ, ഒരു മില്ലി പ്രൊപ്പികൊണാസോൾ, രണ്ടര ഗ്രാം കോപ്പർ ഓക്സിക്ലോറൈഡ്, രണ്ട് ഗ്രാം സാഫ് എന്നിവയിൽ ഏതെങ്കിലും ഒരു മരുന്ന് ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. രോഗത്തിന്റെ തീവ്രത അനുസരിച്ച് രണ്ടാഴ്ച കൂടുമ്പോൾ മരുന്ന് തളി തുടരാവുന്നതാണ്. |
| ഇഞ്ചി | മാണപ്പുഴു | ഇഞ്ചിയിൽ മാണപ്പുഴുവിന്റെ ആക്രമണം തടയുന്നതിനായി തടത്തിൽ വേപ്പിൻ പിണ്ണാക്ക് ഇട്ടുകൊടുക്കുക |

മൃഗസംരക്ഷണം - ബാഹ്യപരാദങ്ങൾക്കെതിരെ കരുതൽ നടപടികൾ കൈക്കൊള്ളുക

മൃഗാശുപത്രിയിൽ ചാണക സാമ്പിൾ സൂക്ഷ്മ പരിശോധനക്ക് വിധേയമാക്കിയതിനു ശേഷം ആവശ്യമെങ്കിൽ മാത്രം വെറ്റിനറി ഡോക്ടറുടെ നിർദ്ദേശ പ്രകാരം വിരക്കുള്ള മരുന്നു നൽകുക,

കുളമ്പ് രോഗങ്ങൾക്കും കുരളടപ്പിനും എതിരെയുള്ള കുത്തിവെപ്പുകൾ നൽകുക. (CAADECCS, *KVASU, Mannuthy).*